**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 809** **24-02-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടിക വർഗ്ഗകുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗങ്ങളിൽ ഉൾപ്പെടുന്ന കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് വേണ്ടി ഏതെങ്കിലും തരത്തിലുള്ള സഹായം അനുവദിക്കാറുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ? | (എ) | പട്ടികജാതി കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് വേണ്ടി പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് പദ്ധതി പ്രകാരം തുക അനുവദിക്കുന്നുണ്ട്. പട്ടികജാതി സങ്കേതങ്ങൾ, ഒറ്റപ്പെട്ട കുടുംബങ്ങൾ, കോളനിക്കുള്ളിലെ വഴിവിളക്കുകൾ എന്നീ പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പിലാക്കുന്നതിനാണ് തുക അനുവദിക്കുന്നത്. സംസ്ഥാനത്തെ സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് 11.5844 കോടി രൂപ കെ.എസ്.ഇ.ബിക്ക് അനുവദിക്കുകയും ആയത് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, പട്ടികവർഗ്ഗ കുടുംബങ്ങളുടെ വീടുകൾ വൈദ്യുതീകരിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി തുക അനുവദിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ